**കേരള കാർഷിക സർവ്വകലാശാല**

**കുരുമുളക് ഗവേഷണ കേന്ദ്രം , പന്നിയൂർ**

Ph. No.0460222728 Email.prspanniyur@kau.in

പിആർഎസ് പിഎൻആർ /2188/2025-P3 **08-12-2025**

**ലേലം പരസ്യം**

പന്നിയൂർ കുരുമുളക് ഗവേഷണ കേന്ദ്രത്തിൽ 1, 2, 6, 7, 9, 11, 16, 23. 29 ബ്ലോക്കുകളിൽനിന്നായി ഏകദേശം 43 പ്ലാവുകളിൽ നിന്നും ഇടിചക്കകൾ ശേഖരിക്കുന്നതിനുള്ള അവകാശംനൽകുന്നതിനായി 20.12.2025 ന് ഉച്ചയ്ക്ക് ശേഷം 02.00 മണിക്ക് ഈ കേന്ദ്രത്തിൽ വെച്ച് പരസ്യം ലേലംനടത്തുവാൻ തീരുമാനിച്ചിരിക്കുന്നുപരസ്യ ലേലത്തിൽ പങ്കെടുക്കുന്നവർ അന്നേ ദിവസം നിരതദ്രവ്യമായി 500/- രൂപ പണമായോ, പ്രൊഫസർ & ഹെഡ്, കുരുമുളക് ഗവേഷണ കേന്ദ്രം, പന്നിയൂരിന്റെ പേരിൽ എസ്.ബി.ഐ പൂവ്വം ബ്രാഞ്ചിൽ മാറാവുന്നഡിമാന്റ് ഡ്രാഫ്റ്റ് ആയോ ഉച്ചയ്ക്ക് 2 മണിക്ക് മുൻപ്ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

ഏറ്റവും ഉയർന്ന തുക വാഗ്ദാനം ചെയ്യുന്ന ആൾക്ക് തുക തൃപ്തികരമാണെങ്കിൽ ലേലം ഉറപ്പിച്ച് നൽകുന്നതാണ്. ലേലം ഉറപ്പിച്ചുകഴിഞ്ഞാൽ മൊത്തംതുകയുടെ മൂന്നിലൊന്ന്അപ്പോൾതന്നെ ഓഫീസിൽ അടയ്ക്കേണ്ടതാണ് ബാക്കി മുഴുവൻ തുകയും നികുതിയുൾപ്പടെ ഒരാഴ്ചയ്ക്കുള്ളിൽ ഓഫീസിൽ അടയ്ക്കേണ്ടതാണ്. ലേലം കൊണ്ടയാൾ ലേലം തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റായി അടയ്ക്കേണ്ടതാണ്. ഡെപ്പോസിറ്റ് തുക കരാർ കാലാവധിക്ക് ശേഷം തിരിച്ച നൽകുന്നതാണ്.

വിളവെടുപ്പ് നടത്തേണ്ട കാലാവധി ലേലം അംഗീകരിച്ച തീയ്യതി മുതൽ31.07.2026 വരെയാണ്.ഫാം പ്രവൃത്തി ദിവസങ്ങളിൽ രാവിലെ **8 മണിമുതൽ വൈകുന്നേരം 5 മണി** വരെ ഫാമിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ മാത്രമാണ് ഉൽപന്നങ്ങൾ കൊണ്ടുപോകാനുള്ളഅനുമതി. അവധി ദിവസങ്ങളിൽ ഒരു കാരണവശാലും ഫാമിൽ വരുന്നതിന് അനുമതിയില്ല. വിളവെടുക്കുന്നതിനിടയിലോ കൊണ്ടുപോകുന്നതിനിടയിലോ ഫാമിലെ മറ്റ് വിളകൾക്കോ സ്ഥാവര ജംഗമ വസ്തുക്കൾക്കോ വല്ല കേടുപാടുകളും സംഭവിക്കുകയാണെങ്കിൽ ലേലം കൊണ്ടയാൾ ഉത്തരവാദിയായിരിക്കുന്നതും അതിന്റെ നഷ്ടം അദ്ദേഹത്തിൽ നിന്നും ഈടാക്കുന്നതുമാണ്.

മറ്റ് സർക്കാർ ക്വട്ടേഷനുള്ള എല്ലാ നിബന്ധനകളും ഇതിനും ബാധകമാണ് ലേലം സംബന്ധമായി കേന്ദ്രം മേധാവിയുടെ തീരുമാനം അന്തിമവും ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്. ലേലം റദ്ദാക്കാനോ, നിർത്തിവയ്ക്കാനോ, ക്വട്ടേഷൻ മാറ്റിവയ്ക്കാനോ ഉള്ള അധികാരം കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ് ക്വട്ടേഷൻ സമർപ്പിക്കാൻ ആഗ്രഹിക്കുന്നവർക്ക് വിളവെടുപ്പിനുള്ള മരങ്ങൾ സാധാരണ പ്രവൃത്തി ദിവസങ്ങളിൽ ഫാമിൽ വന്ന് നേരിട്ട് കാണാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഈ കേന്ദ്രവുമായി ബന്ധപ്പെടാവുന്നതാണ് ഫോൺ നം. 04602227287/ 8921082050.

Signed by
Vikram H C
Date: 08-12-2025 16:32:25

ഡോവിക്രം എച്ച് സി
അസി.പ്രൊഫസർ &ഹെഡ്

പകർപ്പ് :
1. കെ.വി.കെ കണ്ണൂർ/ നോട്ടീസ് ബോർഡ്.
2. കുറുമാത്തൂർ ഗ്രാമ പഞ്ചായത്ത് ഓഫീസ്
3. പന്നിയൂർ വില്ലേജ് ഓഫീസ്
4. ഡോ. സ്റ്റെസി.എസ്, അസി. പ്രൊഫസർ
5. പരിയാരം ഗ്രാമ പഞ്ചായത്ത് ഓഫീസ്
6. മുൻസിപ്പൽ ഓഫീസ്, തളിപ്പറമ്പ്
7. താലൂക്ക് ഓഫീസ്, തളിപ്പറമ്പ്
8. ജില്ലാ കൃഷിത്തോട്ടം, കരിമ്പം